ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) റവന്യൂ ജീവനക്കാർ എതിർകക്ഷികളായ 130 വിജിലൻസ് കേസുകൾ ഇപ്പോൾ നിലവിലുണ്ട്.

ഇരിണാവ് പാലം

183 (1239) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ ' ഇരിണാവ് പാലം' നിർമ്മിക്കുന്നതിന് ഭൂമി ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശം നൽകുമോ ;

(ബി) ഇപ്പോൾ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ഇറിഗേഷൻ വകുപ്പിന്റെ റഗുലേറ്റർ കം ബ്രിഡ്ജ് കാലപ്പഴക്കം കാരണം ഏതു സമയത്തും തകരുമെന്നിരിക്കെ സ്ഥലം അടിയന്തരമായി ലഭ്യമാക്കി പാലത്തിന്റെ നിർമ്മാണം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിലെ കണ്ണൂർ താലൂക്കിലെ കല്ലാശ്ശേരി, മാട്ടൂൽ വില്ലേജുകളിലെ 0.1225 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് 7-10-2013-ലെ ജി.ഒ.(ആർ.റ്റി.) നമ്പർ 5422/13/റവ സർക്കാർ ഉത്തരവ് പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) അടുത്ത സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റിയിൽ ഉൾപ്പെടുത്തി വില അംഗീകരിച്ചതിനുശേഷം അർത്ഥനാധികാരി ഫണ്ട് ലഭ്യമാക്കുന്ന മുറയ്ക്ക് സ്ഥലം ഏറ്റെടുത്ത് കൈമാറുന്നതാണ്.

തർക്കരഹിത ഭൂമിക്ക് കൈമാറ്റ അനുമതിയോടെ പട്ടയം

184 (1240) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ലാന്റ് അസൈൻമെന്റ് ആക്ട് 1960 പ്രകാരം 1971 ഓഗസ്റ്റ് 31 വരെ ഭൂമി കൈവശം വച്ച് സ്ഥിര താമസമാക്കിയവർക്കും അവരുടെ പിന്തുടർച്ചക്കാർക്കും നാല് ഏക്കർ വരെ തർക്ക രഹിത ഭൂമിക്ക് കൈമാറ്റ അനുമതിയോടെ പട്ടയം നൽകാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇപ്രകാരം പട്ടയം ലഭിക്കാൻ അർഹതയുള്ളവർ സംസ്ഥാനത്ത് എത്രയാണെന്ന കണക്കുകൾ ജില്ല തിരിച്ച് നല്കാമോ ; പട്ടയം നൽകുന്നത് സംബന്ധിച്ച പുതിയ ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ : ഉണ്ടെങ്കിൽ ഒരു പകർപ്പ് ലഭ്യമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇപ്രകാരം പട്ടയത്തിനായി അപേക്ഷിച്ചിട്ടുള്ളവർ എത്ര; എത്ര പേർക്ക് ഇതിനകം പട്ടയം നൽകുകയുണ്ടായി ; പുതിയ ചട്ടങ്ങൾ പ്രകാരം ഇതിനകം പട്ടയം ലഭ്യമാക്കിയ മൊത്തം ഭൂമി എത്രയാണ് ; വിശദമാക്കാമോ ?

ഉത്തരം

(എ) 1960-ലെ കേരള ഭൂമി പതിവ് നിയമത്തിൽ ഇപ്രകാരം ഒരു വ്യവസ്ഥ നിഷ്കർഷിച്ചുകാണുന്നില്ല. എന്നാൽ 1964-ലെ കേരള ഭൂമി പതിവ് ചട്ടം 7(1) പ്രകാരം 1-8-1971-ന് മുമ്പ് കൈവശം വച്ച് അനുഭവിച്ചുവരുന്ന സർക്കാർ ഭൂമികൾക്ക് പട്ടയം നൽകാൻ വ്യവസ്ഥയുണ്ട്. കൈവശ ഭൂമിയിൽ കാര്യമായ ദേഹണ്ഡങ്ങൾ ഉണ്ടാക്കിയിട്ടുള്ള പക്ഷം (valuable improvements) സമതലങ്ങളിൽ രണ്ട് ഏക്കർ വരെയും മലയോര മേഖലകളിൽ 4 ഏക്കർ വരെയും കൈമാറ്റ അനുമതിയോടെ പട്ടയം നൽകുന്നതിന് 30-9-2014-ലെ ജി.ഒ.(പി) 425/14/ആർ.ഡി. പ്രകാരം സർക്കാർ ചട്ടം ഭേദഗതി വരുത്തി ഉത്തരവായിട്ടുണ്ട്.

(ബി) ഇപ്രകാരം പട്ടയം ലഭിക്കാൻ അർഹതയുള്ളവർ എത്രയാണെന്ന കണക്കുകൾ ശേഖരിച്ചിട്ടില്ല. 3-3-2005-ലെ ജി.ഒ.(പി) 63/2005/ആർ.ഡി. നമ്പർ ഉത്തരവ് പ്രകാരം പതിച്ചുനൽകാവുന്ന സർക്കാർ ഭൂമിയുടെ വിസ്തീർണ്ണം സമതലങ്ങളിൽ 50 സെന്റും മലയോര മേഖലയിൽ ഒരു ഏക്കറുമായി നിജപ്പെടുത്തി ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിരുന്നു. ടി ഉത്തരവിന് മുമ്പുണ്ടായിരുന്ന വ്യവസ്ഥകൾ പുനഃസ്ഥാപിച്ചു കൊണ്ടും പതിച്ചുനൽകുന്ന കൈവശ ഭൂമിക്ക് കൈമാറ്റ അനുമതി നൽകിക്കൊണ്ടും 30-9-2014-ലെ ജി.ഒ.(പി) 425/14/ആർ.ഡി. പ്രകാരം ചട്ടം ഭേദഗതി വരുത്തി ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) 30-9-2014-ലെ പ്രസ്തുത ഉത്തരവ് നിലവിൽ വന്നതിനുശേഷം പട്ടയത്തിനായി ലഭിച്ച അപേക്ഷകളുടെ വിവരം ശേഖരിച്ചിട്ടില്ല.

ഏരിയോട് മലയിലെ ഭൂമി ഇരുമ്പയിര് ഖനനത്തിന് പാട്ടത്തിന് നൽകിയത് സംബന്ധിച്ച വിവരം

185 (1241) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ തലക്കുളത്തൂർ-അത്തോളി പഞ്ചായത്തുകളിലായി വ്യാപിച്ചുകിടക്കുന്ന ഏരിയോട് മലയിലെ സർവ്വേ നമ്പർ 101/1 ഭൂമി ഇരുമ്പയിര് ഖനനത്തിന് പാട്ടത്തിന് നൽകിയിരുന്നോയെന്ന് വ്യക്തമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly